## 230

വാഴ്ത്തി സ്തുതിക്കുമെന്നും ഞാൻ
എന്റെ താഴ്ചയിൽ ഓർത്ത ഈശനെ

1 വർണ്ണിച്ചിടാനെനിക്കെന്റെ നാവു പോരായേ!
എണ്ണിത്തീർത്തിടാമോ അവൻ ചെയ്തത്
ആയിരമായ് സ്തുതിച്ചിടുന്നേ ആനന്ദഹസ്തങ്ങളെ ഉയർത്തി-

2 പാപരോഗമായതെന്റെ ഭീതിയാൽ
നാശഗർത്തത്തിൽ പതിക്കും നേരത്തിൽ
സ്നേഹഹസ്തം നീട്ടിയെന്നെ
നിൻതിരു രാജ്യത്തിലാക്കിയല്ലോ-

3 ചേറ്റിലല്ലയോ കിടന്നതോർത്തുനോക്കിയാൽ
നാറ്റമല്ലയോ വമിച്ചതെൻ ജീവിതം
മാറ്റിയല്ലോ എൻജീവിതത്തെ മാറ്റമില്ലാത്ത നിന്റെ കൃപയാൽ

4 പാപികളെത്തേടിവന്ന യേശുരക്ഷകൻ
പാപമില്ലാ ശുദ്ധർക്കായിതാ വരുന്നേ
വരവിൻ ദിനം അതിസമീപം
വരവിൻ പ്രത്യാശയാൽ നിറഞ്ഞിടാമേ

5 അല്ലൽ തിങ്ങും ജീവിതത്തിൽ ഞാൻ വസിച്ചപ്പോൾ
വല്ലഭാ നിൻ സ്നേഹമെന്നിൽ ഊറ്റിയല്ലോ
ജയഗീതം പാടിടുവിൻ നിൻജയം നീ എനിക്കേകിയല്ലോ-